**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 406** | **20-03-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുവാനായി റവന്യൂ വകുപ്പ് വിവിധ വെബ് അധിഷ്ഠിത പോർട്ടലുകൾ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) www.revenue.kerala.gov.in എന്ന പോർട്ടൽ മുഖേന പൊതു ജനങ്ങൾക്കായി താഴെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു.<br><br>• ഭൂ നികുതി ഒടുക്കൽ<br>• കെട്ടിട നികുതി ഒടുക്കൽ<br>• അധിക നികുതി ഒടുക്കൽ<br>• റവന്യൂ റിക്കവറി ഡിജിറ്റൽ പേയ്മെന്റ്<br>• പോക്കുവരവ്<br>• ഭൂമി - ആധാർ ലിങ്കിംഗ്<br>• ഓൺലൈൻ ആയി ബി ടി ആർ പകർപ്പ്, തണ്ടപ്പേർ പകർപ്പ്, ലൊക്കേഷൻ സ്കെച്ച്, FMB പകർപ്പ് എന്നിവക്കായി അപേക്ഷിക്കാം<br>• തരം മാറ്റം<br>• സിംഗിൾ വിൻഡോ ക്ലിയറൻസ് ലഭിച്ച തരം മാറ്റം അപേക്ഷകളിൽ ഗോൾഡൻ സീനിയോറിറ്റി<br>• പത്ത് വിദേശ രാജ്യങ്ങളിൽ നിന്നും ഈ പോർട്ടൽ മുഖേന ഭൂമി സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>2) RR Digital Payment - rr.kerala.gov.in and revenue.kerala.gov.in<br>3) Revenue e-Services Mobile App<br>4) EMR (Electronic Mortgage Recorder) (www.emr.kerala.gov.in)<br><br>• EMR മാർകിങ് പേയ്മെന്റ് |

- EMR റിലീസിംഗ് പേയ്മെന്റ്

5) https://landrevenue.kerala.gov.in, www.Ird.kerala.gov.in എന്നീ പോർട്ടലുകൾ മുഖേന താഴെ പറയുന്ന സേവനങ്ങൾ നൽകി വരുന്നു.

- കെട്ടിട നികുതി അസ്സെസ്സ്മെന്റ്
- കെട്ടിട നികുതി അപ്പീൽ
- സോഷ്യൽ സെക്യൂരിറ്റി പെൻഷൻ (leprosy, TB, കാൻസർ)
- റിലീഫ് - പ്രകൃതിക്ഷോഭം, കോവിഡ്-19 എക്സ്ഗ്രേഷ്യ, എൻഡോസൾഫാൻ, കോവിഡ് BPL പെൻഷൻ
- അലെർട് - അനധികൃതമായ ഭൂമി കയ്യേറ്റം, മണൽ വാരൽ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനായി
- റവന്യൂ മിത്രം - പൊതുജനങ്ങൾക്കു റവന്യൂ വകുപ്പ് മന്ത്രി മുമ്പാകെ നേരിട്ട് പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം.
- പരാതി - ജനങ്ങൾക്ക് ഏതൊരുദ്യോഗസ്ഥനെയും കുറിച്ച് പരാതി നല്കുന്നതിനുള്ള സംവിധാനം
- പ്രവാസി മിത്രം - സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയർക്കായി പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം

6). E-District Portal

ഈ പോർട്ടൽ വഴി റവന്യൂ വകുപ്പ് 23 വിവിധ സാക്ഷ്യപത്രങ്ങൾ നൽകി വരുന്നു. കൂടാതെ റവന്യൂ വകുപ്പിലുള്ള മറ്റു സേവനങ്ങളായ റവന്യൂ ഇ കോർട്ട്, വനാവകാശ പട്ടയം, ലീസ് തുടങ്ങിയ സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ ആക്കുവാനുള്ള ശ്രമങ്ങളും നടന്നുവരുന്നുണ്ട്. അപേക്ഷകൾ അധികമായി വരുന്ന സാഹചര്യങ്ങളിൽ സ്പെഷ്യൽ അദാലത്തുകൾ നടത്തി സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

സർവ്വെയും ഭൂരേഖയും വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സ്കെച്ചുകളുടെയും അനുബന്ധ റിക്കാർഡുകളുടെയും പകർപ്പിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കലാണ് സേവനാവകാശത്തിന്റെ പരിധിയിൽ വരുന്നത്. കൂടാതെ, സർവ്വെ റിക്കാർഡുകളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി "എന്റെ ഭൂമി " പോർട്ടൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ടി പോർട്ടൽ മുഖേന ഫീസ്

| | | | |
|---|---|---|---|
| | | | ഒടുക്കി റിക്കാർഡുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്. |
| (ബി) | സേവനങ്ങൾ നൽകാൻ ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സർക്കാർ വകുപ്പുകളിൽ നിന്നുള്ള വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭ്യമാകുന്നുവെന്നു ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന സർക്കാർ 2012 നവംബർ 1-നു പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള സേവനാവകാശ നിയമം റവന്യൂ വകുപ്പിലും നടപ്പിലാക്കിയിട്ടുള്ളതാണ്. സേവനാവകാശ നിയമ പ്രകാരം റവന്യൂ വകുപ്പിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. അർഹതയുള്ള ഒരു അപേക്ഷകനു് ഈ നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള സമയത്തിനുള്ളിൽ ലഭിക്കുന്നതിന് അവകാശമുണ്ട്.<br>സേവനങ്ങൾ നൽകാൻ ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സേവനാവകാശ നിയമത്തിൽ വ്യവസ്ഥയുണ്ട്. സമയപരിധി പാലിക്കാതിരിക്കുക, മതിയായതും യുക്തിസഹമായതുമായ കാരണങ്ങളാൽ അല്ലാതെ സേവനം നിഷേധിക്കുക എന്നിവ ബോദ്ധ്യമാകുന്ന പക്ഷം അപ്പിലധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനെതിരെയോ ഒന്നാം അപ്പിലധികാരിക്കെതിരെയോ പിഴശിക്ഷ ചുമത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും പ്രസ്തുത ഉദ്യോഗസ്ഥർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള ഉചിതമായ ശിക്ഷാനടപടികൾക്കായി ശിപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ പിഴശിക്ഷ ചുമത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപായി നിയുക്ത ഉദ്യോഗസ്ഥനോ ഒന്നാം അപ്പീലധികാരിക്കോ പറയുവാനുള്ളത് കേൾക്കാൻ രണ്ടാം അപ്പീലധികാരി ന്യായമായ അവസരം നൽകിയിരിക്കേണ്ടതാണ്. പിഴശിക്ഷ ചുമത്തുന്നതിലേക്ക് നയിച്ച കാരണങ്ങൾ ഉത്തരവിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പിഴത്തുക നിർണ്ണയിക്കുമ്പോൾ വീഴ്ച വരുത്തുന്ന ഓരോ ദിവസത്തിനും 250/-രൂപ ക്രമത്തിൽ പിഴ ചുമത്തേണ്ടതും എന്നാൽ കുറഞ്ഞ പിഴത്തുക 500/- രൂപയായും പരമാവധി പിഴ 5000/- രൂപയായും പരിമിതപ്പെടുത്തേണ്ടതുമാണ്. നിയുക്ത ഉദ്യോഗസ്ഥനെതിരെയോ ഒന്നാം അപ്പീലധികാരിക്കെതിരെയോ ഇത്തരത്തിൽ പിഴ ചുമത്തുന്ന പക്ഷം ആയത് പ്രസ്തുത ഉദ്യോഗസ്ഥരുടെ |

| | | | |
|---|---|---|---|
| | | | ശമ്പളം, ഹോണറേറിയം, മറ്റേതെങ്കിലും തരത്തിലുള്ള വേതനം എന്നിവയിൽ നിന്ന് പിടിച്ചെടുക്കുന്നതിനും ആയത് ഒടുക്ക് വരുത്തേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ